പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3413 — 19.06.2019-ലെ മറുപടിക്ക്

## കോൺട്രാക്ട് ക്യാരേജ് ബസ്സുകൾ വാടകക്കെടുക്കുവാനുള്ള ടെൻഡർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അന്തർസംസ്ഥാന പാതകളിൽ ഓടിക്കുവാൻ കോൺട്രാക്ട് ക്യാരേജ് ബസ്സുകൾ വാടകയ്ക്ക് എടുക്കുവാൻ കെ.എസ്.ആർ.ടി.സി. ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (എ) | കാഷ്വൽ കോൺട്രാക്ട് വ്യവസ്ഥയിൽ 50 പ്രീമിയം ക്ലാസ് മൾട്ടി ആക്സിൽ എ.സി. ബസ്സുകൾ ലഭ്യമാക്കുന്നതിന് 30-4-19-ൽ ദർഘാസ് ക്ഷണിച്ചിരുന്നു. |
| (ബി) | ടെൻഡറിലെ പ്രധാന നിബന്ധനകൾ വ്യക്തമാക്കുമോ; ഇത് പ്രകാരം എത്ര ഓഫറുകളാണ് ലഭിച്ചത്; | (ബി) | 1) കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 4 വർഷത്തിൽ താഴെ പഴക്കമുള്ള മൾട്ടി ആക്സിൽ എ.സി. ബസ്സുകൾ ആയിരിക്കണം.<br>2) ഒരു ഓപ്പറേറ്റർ അല്ലെങ്കിൽ മാനുഫാക്ചറർ കുറഞ്ഞത് 5 ബസ്സുകൾ നൽകേണ്ടതാണ്.<br>3) മൂന്ന് മാസക്കാലയളവിലേക്ക് ബസ്സുകൾ കാഷ്വൽ കോൺട്രാക്ട് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചത്.<br>4) സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒരു ബസ്സിന് ഒരു ലക്ഷം രൂപയാണ് നിശ്ചയിച്ച് നൽകിയത്. പരമാവധി 25 ലക്ഷം രൂപയും.<br>5) ടി ബസ്സുകൾ 2.85 KMPL നിഷ്കർഷിച്ചിരുന്നു.<br>6) Fleet/Bus utilization 98% വേണം എന്നും നിഷ്കർഷിച്ചിരുന്നു.<br>കേരള സർക്കാരിന്റെ ഇ-പോർട്ടൽ വഴി ക്ഷണിച്ച ഈ ദർഘാസിൽ ആരും പങ്കെടുത്തില്ല. |

| | | | |
|---|---|---|---|
| (സി) | ഓഫർ ഒന്നും ലഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; | (സി) യും (ഡി) യും | ഇതുസംബന്ധിച്ച് രേഖാമൂലമുള്ള യാതൊരു പ്രതികരണങ്ങളും ലഭിച്ചിട്ടില്ല. മൂന്ന് മാസമെന്ന കുറഞ്ഞ കാലയളവാണ് ദർഘാസിൽ ആരും പങ്കെടുക്കാതിരുന്നതിനു കാരണമെന്ന് അനുമാനിക്കുന്നു. |
| (ഡി) | അന്തർ സംസ്ഥാന ബസ്സ് ലോബിയുടെ സമ്മർദ്ദം മൂലമാണ് ടെൻഡറിൽ പങ്കെടുക്കാതെ പലരും പിൻവാങ്ങിയത് എന്നത് വസ്തുതയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**